17469
3/11/16

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്- എൻഡോസൾഫാൻ ദുരിത ബാധിതർ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് അനുവദിച്ചു നൽകിയ മോറട്ടോറിയം - ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## റവന്യൂ (എച്ച്) വകുപ്പ്

സ.ഉ.(എം.എസ്) നം.552/2016 റവ. തിരുവനന്തപുരം, തീയതി: 28/10/2016

പരാമർശം:-1) 29/07/2016-ലെ (എം.എസ്) നം. 429/16/റവ. നമ്പർ സർക്കാർ ഉത്തരവ്

2) 5/8/2016-ലെ (എം.എസ്) നം. 445/16/റവ. നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

പരാമർശം (1) (2) സർക്കാർ ഉത്തരവുകൾ പ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി അനുവദിച്ചു നൽകിയിട്ടുള്ള മോറട്ടോറിയം കാലാവധി അവസാനിച്ച സാഹചര്യത്തിൽ, എൻഡോസൾഫാൻ ദുരിത ബാധിതർ റവന്യൂ റിക്കവറി നിയമം വകുപ്പ് 71 ബാധകമായുള്ള സ്ഥാപനങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും മറ്റും എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലും ഉള്ള ജപ്തി നടപടികൾക്ക് 26.10.2016 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി മോറട്ടോറിയം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എച്ച്.കുര്യൻ**
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസറഗോഡ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ (ആമുഖകത്ത് സഹിതം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 419 തീയതി 26.10.2016)
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്
സഹകരണ (പാർലമെന്റ്) വകുപ്പ്
റവന്യൂ (കെ/എസ്) വകുപ്പ്
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

Smitha

**സെക്ഷൻ ഓഫീസർ**

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 26-10-2016.

ഇനം നം: 419

വിഷയം : റവന്യൂ വകുപ്പ് - എൻഡോസൾഫാൻ ദുരിതബാധിതർ ബാങ്കുകളിൽ നിന്നും മറ്റും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് അനുവദിച്ചു നൽകിയിട്ടുള്ള മോറട്ടോറിയം ദീർഘിപ്പിക്കുന്നത്.

തീരുമാനം : എൻഡോസൾഫാൻ ദുരിതബാധിതർ റവന്യൂ റിക്കവറി നിയമം വകുപ്പ് 71 ബാധകമായുള്ള സ്ഥാപനങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും മറ്റും എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലും ഉള്ള ജപ്തി നടപടികൾക്ക് 05.08.2016-ലെ ജി.ഒ.(എം.എസ്.) നം.445/2016/റവ പ്രകാരം അനുവദിച്ചു നൽകിയിട്ടുള്ള മോറട്ടോറിയം ഉത്തരവിന്റെ കാലാവധി അവസാനിക്കുന്ന ഒക്ടോബർ 26 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.